ഹദീസ്

അബ്ദുർറഹ്മാൻ ചെറുവാടി
archeruvadi11@yahoo.com

# സ്വഹാബിമാരെ ആദരിക്കൽ ഈമാനിന്റെ ഭാഗം

عَنْ أَبِي سَعِيدٍ الْخُدْرِيِّ رَضِيَ اللَّهُ عَنْهُ، قَالَ : قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : لَا تَسُبُّوا أَصْحَابِي ؛ فَلَوْ أَنَّ أَحَدَكُمْ أَنْفَقَ مِثْلَ أُحُدٍ ذَهَبًا، مَا بَلَغَ مُدَّ أَحَدِهِمْ، وَلَا نَصِيفَهُ

**അബൂ സഈദുൽ ഖുദ്‌രി(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: 'നിങ്ങൾ എന്റെ സ്വഹാബിമാരെ അധിക്ഷേപിക്കരുത്. നിങ്ങളിൽപെട്ട ഒരാൾ ഉഹ്ദ് മലയോളം സ്വർണം ചെലവാക്കിയാലും അവരിലൊരാളുടെ കൈക്കുടന്നയോളമോ അതിന്റെ പകുതിയോ അവർ ചെലവഴിച്ചതിനൊപ്പം പോലും അതെത്തുകയില്ല' (ബുഖാരി: 3673, മുസ്‌ലിം: 2541).**

പ്രവാചകന്റെ സന്തതസഹചാരികളായിരുന്ന ആളുകളെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യേണ്ടത് വിശ്വാസത്തിന്റെ ഭാഗമാണ്. നബി(സ)യെ നേരിൽ കണ്ട് വിശ്വാസികളാവുകയും വിശ്വാസികളായിത്തന്നെ മരിക്കുകയും ചെയ്തവരാണ് സ്വഹാബികൾ. ഇസ്‌ലാമിന്റെ നിലനിൽപിനു വേണ്ടി സകലതും സമർപ്പിച്ചവർ. അവരുടെ ത്യാഗവും ബലിയർപ്പണവുമാണ് ഇസ്‌ലാമിന് ജീവവായു ആയത്. തിരുമേനി ഇവിടെ നമ്മെ സ്വഹാബിമാരെ ആദരിക്കേണ്ടതിന്റെ പ്രാധാന്യം പഠിപ്പിക്കുകയാണ്. ഖാലിദു ബ്നു വലീദും അബ്ദുർറഹ്മാനുബ്നു ഔഫും തമ്മിലുണ്ടായ ചെറിയൊരു കശപിശയെ തുടർന്നാണ് നബി (സ) ഈ ഉപദേശം നൽകുന്നത്. ആദ്യം കടന്നുവന്ന സ്വഹാബിമാരെ പിന്നീട് വന്നവർ ആദരിക്കണം. അവർ ഇരുകൂട്ടരും പദവികളിൽ തുല്യരല്ല. മുമ്പേ വന്നവർ ചെലവഴിച്ച ഒരു കൈക്കുമ്പിൾ ധാന്യമണികൾ പോലും പിൽക്കാലക്കാർ ചെലവിട്ട സ്വർണക്കൂമ്പരങ്ങളേക്കാൾ അമൂല്യമാണ്. ക്വുർആൻ അതിങ്ങനെ അടയാളപ്പെടുത്തുന്നു: ''സത്യമാർഗത്തിൽ ആദ്യം മുന്നോട്ടു വന്ന മുഹാജിറുകളിലും അൻസ്വാറുകളിലും പിന്നീട് സൽക്കർമങ്ങളിലൂടെ അവരെ പിന്തുടർന്നവരിലും അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവർ അവനിലും സംതൃപ്തരാണ്. അവൻ അവർക്കായി താഴ്ഭാഗത്തിലൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങൾ തയാറാക്കിവെച്ചിട്ടുണ്ട്. അവരവിടെ സ്ഥിരവാസികളായിരിക്കും. മഹത്തായ വിജയവും അതു തന്നെ'' (*അത്തൗബ*: 100). അവരെ പിന്തുടരാനും മാതൃകയാക്കാനുമുള്ള പ്രവാചകന്റെ ഉപദേശങ്ങൾ നിരവധിയാണ്: 'എന്റെ നൂറ്റാണ്ടുകാരാണ് ഏറ്റവും നല്ല ജനത' (ബുഖാരി), 'എന്റെ സുന്നത്ത് നിങ്ങൾ മുറുകെ പിടിക്കുക. എനിക്കു ശേഷം സച്ചരിതരായ ഖലീഫമാരുടെ പാരമ്പര്യവും. അണപ്പല്ലു കൊണ്ട് അവ കടിച്ചുപിടിക്കുക' (അബൂദാവൂദ്).

മെയ്യും മനവും ഉലഞ്ഞുടയുമാറ് കൊടിയ പീഡനപർവങ്ങൾ താണ്ടിയ ആദ്യകാല വിശ്വാസികളായ മുഹാജിറുകൾ, മദീനയിൽ അവരെ സ്വീകരിച്ച് ഉള്ളതെല്ലാം പങ്കിട്ട് സഹവർത്തിത്വത്തിന്റെ ഒരിക്കലും മരിക്കാത്ത ഗാഥകൾ തീർത്ത അൻസ്വാറുകൾ, അവരിൽ തന്നെ ഒന്നാമത്തെയും രണ്ടാമത്തെയും അക്വബാ ഉടമ്പടികളിൽ സംബന്ധിച്ചവർ, ബദ്‌റിലും ബൈഅതു രിദ്‌വാനിലും കൂടെ നിന്നവർ, സ്വർഗവാഗ്ദാനം നൽകി തിരുമേനി ആദരിച്ചവർ.... അ

വരുടെ വിശുദ്ധിയും പദവിയും ദൈവിക സാക്ഷ്യങ്ങളാൽ സ്ഥാപിതവും നിരവധി സ്ഥലങ്ങളിൽ ഖുർആൻ ഊന്നിപ്പറഞ്ഞിട്ടുള്ളതുമാണ്:

‘‘മുഹമ്മദ് ദൈവദൂതനാണ്. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളോട് കാർക്കശ്യം കാണിക്കുന്നവരും പരസ്പരം കാരുണ്യത്തോടെ പെരുമാറുന്നവരുമാണ്. നമിക്കുന്നതിലും സാഷ്ടാംഗം പ്രണമിക്കുന്നതിലും അല്ലാഹുവിന്റെ അനുഗ്രഹവും പ്രീതിയും തേടുന്നതിലും ഏർപ്പെട്ടവരായി അവരെ നിനക്കു കാണാം....’’ (*അൽ ഫത്ഹ്:* 29).

ഖുർആൻ സ്വഹാബിമാരുടെ ഗുണഗണങ്ങൾ ആവർത്തിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ആ പറഞ്ഞ മുഴുവൻ ഗുണങ്ങളും നിറഞ്ഞ് ഉന്നതശീർഷരായവരും അതിൽ ചിലതു മാത്രം എത്തിപ്പിടിച്ചവരും അക്കൂട്ടത്തിലുണ്ട്. എന്നാൽ അവരെല്ലാവരിലും പൊതുവായ ചില സ്വഭാവങ്ങളുണ്ടായിരുന്നു. അവർ അറിഞ്ഞ് തെറ്റിൽ മുഴുകുന്നവരായിരുന്നില്ല. ഖുർആൻ കോറിയിടുന്ന സ്വഹാബിമാർ, അല്ലാഹുവിനെ അറിയാൻ ഈ പ്രപഞ്ചത്തെ പറ്റി നടപ്പിലും ഇരിപ്പിലും ചിന്തിക്കുന്നവരായിരുന്നു. ദുരിതക്കയങ്ങളിൽ പ്രവാചകനൊപ്പം നിൽക്കുക വഴി അല്ലാഹുവിന്റെ പാപമോചനം നേടിയെടുത്തവർ. അല്ലാഹുവിനെ ഭയന്ന് കിടപ്പുറക്കാതെ രാവുകളിൽ പ്രാർഥനയിൽ വീണ് നനയുമായിരുന്നു അവരുടെ നയനങ്ങൾ. പ്രവാചകന്റെയും ദീനിന്റെയും സംരക്ഷണാർഥം ജീവൻ നൽകാൻ ഹൃദയം തൊട്ട് പ്രതിജ്ഞയെടുത്ത് ദൈവപ്രീതി നേടിയവർ. നാടു വെടിഞ്ഞും പലായനം ചെയ്തും പാഴാകാത്ത കർമം വഴി നേട്ടം കൊയ്തവർ. സ്വന്തവും കുടുംബവും തളർന്നു പിടയുമ്പോഴും അതിഥികളായ സഖാക്കൾക്ക് മുൻഗണന നൽകി ആദരിക്കുന്നവർ.... ഇങ്ങനെ സ്വഹാബിമാരെ വർണനകളിൽ പൊതിയുന്ന ഖുർആൻ സൂക്തങ്ങൾ നിരവധി.

ഇസ്‌ലാമിന് അധികാരവും സൗകര്യവുമൊക്കെ കൈവന്ന ശേഷവും ധാരാളം പേർ ഇസ്‌ലാമിലേക്ക് വരികയും പ്രവാചകനുമായി സഹവസിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേകിച്ചും മക്കാവിജയാനന്തരം. അവർ പൊതുവിൽ ‘തുലഖാഅ്’ എന്നാണ് അറിയപ്പെടുന്നത്. മുമ്പേ വന്നവരുടെ പദവിയും

**ഖുർആൻ സ്വഹാബിമാരുടെ ഗുണഗണങ്ങൾ ആവർത്തിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ആ പറഞ്ഞ മുഴുവൻ ഗുണങ്ങളും നിറഞ്ഞ് ഉന്നതശീർഷരായവരും അതിൽ ചിലതു മാത്രം എത്തിപ്പിടിച്ചവരും അക്കൂട്ടത്തിലുണ്ട്. എന്നാൽ അവരെല്ലാവരിലും പൊതുവായ ചില സ്വഭാവങ്ങളുണ്ടായിരുന്നു. അവർ അറിഞ്ഞ് തെറ്റിൽ മുഴുകുന്നവരായിരുന്നില്ല. ഖുർആൻ കോറിയിടുന്ന സ്വഹാബിമാർ, അല്ലാഹുവിനെ അറിയാൻ ഈ പ്രപഞ്ചത്തെ പറ്റി നടപ്പിലും ഇരിപ്പിലും ചിന്തിക്കുന്നവരായിരുന്നു. ദുരിതക്കയങ്ങളിൽ പ്രവാചകനൊപ്പം നിൽക്കുക വഴി അല്ലാഹുവിന്റെ പാപമോചനം നേടിയെടുത്തവർ. അല്ലാഹുവിനെ ഭയന്ന് കിടപ്പുറക്കാതെ രാവുകളിൽ പ്രാർഥനയിൽ വീണ് നനയുമായിരുന്നു അവരുടെ നയനങ്ങൾ. പ്രവാചകന്റെയും ദീനിന്റെയും സംരക്ഷണാർഥം ജീവൻ നൽകാൻ ഹൃദയം തൊട്ട് പ്രതിജ്ഞയെടുത്ത് ദൈവപ്രീതി നേടിയവർ. സ്വന്തവും കുടുംബവും തളർന്നു പിടയുമ്പോഴും അതിഥികളായ സഖാക്കൾക്ക് മുൻഗണന നൽകി ആദരിക്കുന്നവർ...**

ശ്രേഷ്ഠതയും അപ്രാപ്യമെങ്കിലും അവരെയും ഉൾക്കൊള്ളുകയും ആദരിക്കുകയുമാണ് ഖുർആൻ ചെയ്യുന്നത്. ‘‘നിങ്ങളിൽ മക്കാ വിജയത്തിനു മുമ്പെ ചെലവഴിക്കുകയും സമരം നടത്തുകയും ചെയ്തവരാരോ, അവർക്ക് അതിനു ശേഷം ചെലവഴിക്കുകയും സമരം നടത്തുകയും ചെയ്തവരേക്കാളേറെ മഹത്തായ പദവിയുണ്ട്. എല്ലാവർക്കും ഏറ്റവും ഉത്തമമായ പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതൊക്കെയും നന്നായറിയുന്നവനാണ് അല്ലാഹു’’ (*അൽ ഹദീദ്:* 10). ഇതെല്ലാം ചേർത്തൊതുക്കി അലിയ്യുബ്നു അബീത്വാലിബ്(റ) അവരെ പ്രശംസിക്കുന്നത് കാണുക: ‘ഞാൻ മുഹമ്മദിന്റെ സ്വഹാബിമാരെ കണ്ടിട്ടുണ്ട്. അവരോട് ചേർത്തു പറയാവുന്ന ഒരാളെയും നിങ്ങളുടെ കൂട്ടത്തിൽ ഞാൻ കാണുന്നില്ല. പ്രഭാതത്തിൽ പോലും അവരുടെ മുടി പൊടിപുരണ്ട് ചപ്പിയ നിലയിലായിരുന്നു. നിന്ന് പ്രാർഥിച്ചും സാഷ്ടാംഗം പ്രണമിച്ചും രാത്രി കഴിച്ചുകൂട്ടുന്നവർ. ചിലപ്പോൾ കാലുകളൂന്നി, മറ്റു ചിലപ്പോൾ കവിളുകളിലമർന്ന് അവർ അധ്വാനിച്ചുകൊണ്ടിരുന്നു. അന്തിമ സങ്കേതമോർത്ത് തീക്കനലിലെന്ന പോലെയാണ് അവർ നിലകൊണ്ടിരുന്നത്. ദീർഘങ്ങളായ സുജൂദുകൾ കാരണം അവരുടെ കണ്ണുകൾക്കിടയിൽ ആടിന്റെ മുട്ടുപോലുള്ള അടയാളമുണ്ടായിരുന്നു. അല്ലാഹുവെപ്പറ്റി പറഞ്ഞാൽ നയനങ്ങൾ പെയ്തിറങ്ങി അവരുടെ മാറിടങ്ങൾ കുതിർന്നുപോകുമായിരുന്നു. പ്രതിഫലേഛയാലും നരകഭീതിയാലും കൊടുങ്കാറ്റിലകപ്പെട്ട മരങ്ങളെന്ന പോലെ അവർ ആടിയുലയുമായിരുന്നു’ (*നഹ്ജുൽ ബലാഗ*).

ഇബ്നു മസ്ഊദ് പറഞ്ഞ പോലെ, ‘മുസ്‌ലിം ഉമ്മത്തിൽ മനസ്സുകൊണ്ട് ഏറ്റവും പുണ്യം ചെയ്തവരാണ് സ്വഹാബികൾ. അഗാധ ജ്ഞാനികൾ, കുറഞ്ഞ ബാധ്യതകളുള്ളവർ, ഏറ്റവും വലിയ പുണ്യാവസരം സിദ്ധിച്ചവർ. പ്രവാചകന്റെ സഹചാരികളാകാനും അതുവഴി ദീൻ സ്ഥാപിക്കാനും അല്ലാഹു തെരഞ്ഞെടുത്തവർ.’ സ്വഹാബിമാരെ ആക്ഷേപിക്കുകയെന്നാൽ അവരിലൂടെ നമുക്ക് കൈമാറിക്കിട്ടിയ ഇസ്‌ലാമിക നിയമങ്ങളെയും പ്രമാണങ്ങളെയും തള്ളിപ്പറയുക എന്നാണർഥം. അതിനാൽ, ‘നമുക്ക് സ്വഹാബികളെ സ്നേഹിക്കാം. നാം അതിൽ അതിരുവിടുകയില്ല. അവരിലൊരാളെയും തള്ളിപ്പറയുകയുമില്ല. അവരെ ആക്ഷേപിക്കുന്നവരോടും സദുദ്ദേശ്യത്തോടെയല്ലാതെ അവരെ പരാമർശിക്കുന്നവരോടും നമുക്ക് കോപമുണ്ട്. സദ്വിചാരത്തോടെ മാത്രമേ നമ്മൾ അവരെപ്പറ്റി സംസാരിക്കുകയുള്ളൂ. അവരോടുള്ള സ്നേഹം ദീനിന്റെയും വിശ്വാസത്തിന്റെയും സുകൃതത്തിന്റെയും തേട്ടമാണ്. അതേപോലെ അവരെ ആക്ഷേപിക്കുന്നത് സത്യനിഷേധവും കാപട്യവും ദൈവധിക്കാരവും’ (*അൽ അഖീദ: അത്ത്വഹാവിയ്യ*). ●

+91 97474 56118

Vol. No: 77 Issue No. 17 Printed (at Roshini Press, Madhyamam Complex, Calicut-673012, Kerala) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 0495 - 2730744, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid